ഉത്തരം

(എ) — (ഡി) 28-10-2003-ലെ ജി. ഒ. (ആർ. ടി.) നമ്പർ 2060/2003/ആഭ്യന്തരം പ്രകാരം അംഗീകരിച്ച പുതിയതാതി തുറക്കാനുദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ മുൻഗണനാ ലിസ്റ്റിൽ 16-ാമതായി കൊടുങ്ങല്ലൂർ ഉൾപ്പെടുത്തിയിട്ടുണ്ട്. കൊടുങ്ങല്ലൂർ നഗരസഭ നൽകാമെന്നേറ്റ സ്ഥലം കൈമാറുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം കൊടുങ്ങല്ലൂർ ഫയർ സ്റ്റേഷന് കെട്ടിടം പണിയുന്നതിന് 57 ലക്ഷം രൂപയുടെ ഒരു ശുപാർശയും പരിശോധിച്ചുവരുന്നു. എന്നാൽ കൊടുങ്ങല്ലൂർ നഗരസഭ നൽകാമെന്നേറ്റ സ്ഥലം ഇതേവരെ ഫയർ ആന്റ് റെസ്ക്യൂ സർവീസസ് വകുപ്പിന് ലഭ്യമാക്കാത്തതാണ് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രധാന തടസ്സം. കൂടാതെ നിലയം താൽക്കാലികമായി തുറക്കുന്നതിനാവശ്യമായ കെട്ടിടം, ഗ്യാരേജ് മുതലായ സൗകര്യങ്ങളും നഗരസഭ ഇതുവരെ ലഭ്യമാക്കിയിട്ടില്ല.

(ഇ) നഗരസഭ സൗജന്യമായി താൽക്കാലിക കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കി ആവശ്യമായ ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് കൊടുങ്ങല്ലൂരിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നകാര്യം പരിഗണിക്കാവുന്നതാണ്.

മന്ത്രിമാർക്കെതിരെയുള്ള അഴിമതി ആരോപണം

10 [1646] *ശ്രീ. പി. ജയരാജൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭയ്ക്ക് പുറത്ത് യു.ഡി.എഫ്. മന്ത്രിമാർക്കെതിരെ ഉന്നയിക്കപ്പെട്ട ഏതെല്ലാം ആരോപണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(ബി) യു.ഡി.എഫ്. സർക്കാരിന്റെ മന്ത്രിമാരെക്കുറിച്ചുള്ള ഏതെല്ലാം അഴിമതി ആരോപണങ്ങളിൽ സർക്കാർ അന്വേഷണം നടത്തുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) മന്ത്രിമാർക്കെതിരെ ഇപ്പോൾ വിജിലൻസ് കേസുകൾ ഒന്നുംതന്നെ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly